(ബി) പുളിമാത്ത് വില്ലേജിൽപ്പെട്ട 350 പേർക്കു വേതനം നൽകിയിട്ടുണ്ട്. അതിൽ 141 പേർ പുരുഷൻമാർ, 209 പേർ സ്ത്രീകളുമാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1980-ലെ തൊഴിലില്ലായ്മാ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും 424 പേർ അപേക്ഷിച്ചിരുന്നു. അതിൽ അർഹരായവർക്കു കോ-ഓപ്പറേറ്റീവുസൊസൈറ്റിവഴി തുക വിതരണം ചെയ്തതിനാൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

പള്ളിക്കൽ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മാവേതനം

1284 [2309] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്രപേർക്കു തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട് എന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു എന്നും എത്രപേർക്കു തൊഴിലില്ലായ്മ വേതനം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജിൽ നിന്നും 1986 ജൂൺ 30 വരെ 201 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) പള്ളിക്കൽ വില്ലേജിൽപ്പെട്ട 105 പേർക്കു വേതനം നൽകിയിട്ടുണ്ട്. അതിൽ 50 പുരുഷൻമാരും 55 സ്ത്രീകളുമാണ്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 1980-ലെ തൊഴിലില്ലായ്മ വേതന പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽനിന്നും 64 പേർ അപേക്ഷിച്ചിരുന്നു. അതിൽ അർഹരായവർക്കു കോ-ഓപ്പറേറ്റീവ് സൊസൈറ്റിവഴി തുക വിതരണം ചെയ്തതിനാൽ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

കിളിമാനൂർ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മാ വേതനം

1285 [2310] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്ക് തൊഴിലില്ലായ്മാ വേതനം നൽകിയിട്ടുണ്ടെന്നും അതിൽ പുരുഷന്മാർ എത്ര; സ്ത്രീകൾ എത്ര; എന്നും വ്യക്തമാക്കുമോ;

(സി) ബാക്കി അപേക്ഷകർക്കുകൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നു എന്നും എത്രപേർക്ക് വേതനം അനുവദിച്ചിരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1986 ജൂൺ 30 വരെ കിളിമാനൂർ വില്ലേജിൽ നിന്നും മൊത്തം 625 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) കിളിമാനൂർ വില്ലേജിൽപ്പെട്ട 309 പേർക്ക് വേതനം കിട്ടിയിട്ടുണ്ട്. അതിൽ പുരുഷൻമാർ 126, സ്ത്രീകൾ 183.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1980–ലെ തൊഴിലില്ലായ്മ പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽനിന്നും 350 പേർ അപേക്ഷിച്ചിരുന്നു. കോ–ഓപ്പറേറ്റീവ് സൊസൈറ്റി വഴി തുക വിതരണം ചെയ്തതിനാൽ ഇത് സംബന്ധിച്ച് കണക്ക് വ്യക്തമല്ല.

മുദാക്കൽ പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1286 [2311] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽനിന്നും തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്കു തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്രഎന്നും വ്യക്തമാക്കുമോ;

(സി) ബാക്കി അപേക്ഷകർക്കുകൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽ നിന്നും എത്രപേർ അപേക്ഷിച്ചിരുന്നുവെന്നും എത്രപേർക്കു വേതനം അനുവദിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1986 ജൂൺ 30 വരെ മുദാക്കൽ വില്ലേജിൽനിന്നു തൊഴിലില്ലായ്മ വേതനത്തിനായി 485 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly